# പ്രാർത്ഥന കേൾക്കുന്ന ദൈവം

**കൊച്ചുമോൻ ആന്താര്യത്ത്**

ബഹുദൂരം അതിവേഗം മുന്നോട്ടു പോകുന്ന നമ്മുട സംസ്ഥാനം. നമ്മുടെ രാജ്യം പുരോഗതിയുടെ പാതയിൽ തന്നെ. ഒരു ക്ഷേമരാഷ്ട്രം സ്ഥാപിക്കാനുള്ള തത്രപ്പാടിലത്രെ സർക്കാരുകൾ. ഇങ്ങനെയൊക്കെയാണെങ്കിലും മനുഷ്യർ വളരെ പ്രതിസന്ധിയിലാണ്. പ്രശ്ന പരിഹാരങ്ങൾക്കായി പല ശ്രമവും നടത്തി പരാജയപ്പെടുന്ന മനുഷ്യർ പ്രാർത്ഥനയ്ക്കായി പലയിടങ്ങളിലും അഭയം തേടുന്നത് ഇന്ന് സാധാരണ കാഴ്ചയാണ്. ഒരുനല്ല ശതമാനം ആളുകളും പ്രാർത്ഥിക്കുന്നവരും പ്രാർത്ഥന ആഗ്രഹിക്കുന്നവരുമത്രെ.

**പലവിധത്തിലുള്ള പ്രാർത്ഥനകൾ നമുക്ക് കാണാം.**

ജിവിതത്തിന്റെ ഏതവസ്ഥയിലും പ്രാർത്ഥിക്കുന്നവരുണ്ട്. ദൈവം എല്ലാ ആവശ്യങ്ങൾക്കും മതിയായവൻ എന്നവർ വിശ്വസിക്കുന്നു. അവർ ദൈവത്തെ മാത്രം മുന്നിൽ കാണുന്നു. എന്നാൽ ചിലർ പ്രതികൂലങ്ങൾ വരുമ്പോൾ മാത്രം പ്രാർത്ഥിക്കുന്നു. ഉത്തരം കിട്ടിയാൽ അവർ സന്തോഷിക്കും. ഇല്ലെങ്കിൽ കുടുതൽ പിറുപിറുക്കുന്നവരാകും. നമ്മുടെ പ്രാർത്ഥന എപ്രകാരമാണ്. ആവശ്യബോധത്തോടെ കരയുന്ന ദാവീദും (ഞാൻ കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും എന്റെ സങ്കടം ബോധിപ്പിച്ചു കരയും) സങ്കീ. 55:17. മനോവ്യസനത്തോടെ ദൈവാലയത്തിൽ വന്നു പ്രാർത്ഥിക്കുന്ന ഹന്നയും ശക്തമായ പ്രാർത്ഥനയുടെ മകുടോദാഹരണങ്ങളത്രെ. ദൈവം അവരുടെ പ്രാർത്ഥന കേൾക്കും എന്നവർക്കുറപ്പുണ്ടായിരുന്നു. അതങ്ങനെ സംഭവിക്കുകയും ചെയ്തു.

ചില പ്രാർത്ഥനകൾക്ക് വേഗം മറുപടി ലഭിക്കും. ചിലപ്പോൾ വളരെ നാളുകൾ കാത്തിരിക്കേണ്ടി വരും. പ്രാർത്ഥനയുടെ ശക്തി നമ്മുടെ ഭാവിയിലാണ്, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കുന്നവർ അവന്റെ മഹത്വം കാണും.

നാം ബലഹീനർ എങ്കിലും നമ്മുടെ കർത്താവ് ബലവാനത്രെ. അവിടുന്ന് രാജാധി രാജാവും കർത്താധി കർത്താവുമത്രെ. ഹോമർ ഡങ്കൻ പറഞ്ഞു, "ദൈവമാണ് പ്രധാന ശില്പി". പാപത്താൽ മലിനപ്പെട്ടവരും ചീത്തയായിപ്പോയതുമായ ജീവിതപാത്രത്തെ പുതുതായി നിർമ്മിക്കുവാൻ അവിടുത്തേക്കു കഴിയും യിര. 18:18. അവനാണ് സംഗീത പ്രമാണി. വിദ്വേഷവും ഭിന്നതയും നിമിത്തം മാധുര്യവും ഇമ്പവും ഇല്ലാതെപോയ ജീവിതത്തെ സ്വർഗ്ഗീയ.ഗാനതുല്യം ഇമ്പമാക്കി തീർക്കുവൻ അവനു കഴിയും. അവനാണ് നെയ്ത്തുശാലയിലെ യജമാനൻ നമ്മുടെ ജീവിതത്തിന്റെ കുരുങ്ങികിടക്കുന്ന നൂലുകൾ എടുത്ത് ഭംഗിയായി അതിനെ നല്ല പരവതാനിയായ് നെയ്തെടുക്കുവാൻ അവനു കഴിയും. അവിടുന്ന് നിപുണനായ ഒരു ചിത്രകാരനത്രെ, അറിവുകേടിലും ലോകമോഹങ്ങളിലും നാം വരച്ച ചിത്രത്തെ വീണ്ടും മനോഹരമാക്കുവാൻ അവനു കഴിയും. അവിടുന്ന് നല്ല വൈദ്യനാണ്, തകർന്നും നുറുങ്ങിയതുമായ ഹൃദയങ്ങളെ താൻ പണിയും. ഈ നല്ല ദൈവത്തിന്റെ അടുക്കൽ കൂപ്പു കൈകളുമായി നമുക്കടുത്തു വരാം. മറുപടി താമസിക്കും തോറും ഏറ്റവും നല്ലതാകും നിശ്ചയം.

*Prayer is power*
*more prayer more power*
*Less prayer less power*
*No prayer no power*

രണ്ടും കൈകളും നീട്ടി ദൈവം നൽകിയ നന്മകൾ നാം സ്വീകരിക്കുമ്പോൾ ആ കൈകൾ ദൈവസന്നിധിയിൽ കൂപ്പുകൈകളായി തീരട്ടെ.